15.12.24 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 28-02-2003

# സേവനത്തോടൊപ്പം ഇപ്പോൾ സമ്പന്നമാകാനുള്ള പദ്ധതിയുണ്ടാക്കൂ, കർമ്മാതീതമാകാനുള്ള ധ്വനി മുഴക്കൂ

ഇന്ന് ശിവപിതാവ് തന്റെ സാളിഗ്രാമങ്ങളായ കുട്ടികളോടൊപ്പം തന്റെയും കുട്ടികളുടെയും അവതരണത്തിന്റെ ജയന്തി ആഘോഷിക്കാൻ വന്നിരിക്കുകയാണ്. ഈ അവതരണ ജയന്തി എത്ര അത്ഭുതകരമാണ്. കുട്ടികൾ അച്ഛനും അച്ഛൻ കുട്ടികൾക്കും കോടിമടങ്ങ് ആശംസകൾ നൽകുന്നു. നാനാവശത്തെയും കുട്ടികൾ സന്തോഷത്താൽ ആടിക്കൊണ്ടിരിക്കുകയാണ് - ആഹാ ബാബാ, ആഹാ നമ്മൾ സാളിഗ്രാമുകളായ ആത്മാക്കൾ, ആഹാ ആഹാ എന്ന പാട്ടുകളാണ് പാടിക്കൊണ്ടിരിക്കുന്നത്. താങ്കളുടെ ഈ ജന്മദിനത്തിന്റെ ഓർമ്മചിഹ്നമാണ് ദ്വാപരയുഗം മുതൽക്ക് ഇപ്പോൾ വരെയും ഭക്തർ ആഘോഷിച്ചുകൊണ്ടിരിക്കുന്നത്. ഭക്തരുടെയും ഭാവന ഒട്ടും കുറവല്ല. എന്നാൽ ഭക്തരാണ്, കുട്ടികളല്ല. അവർ ഓരോ വർഷവും ആഘോഷിക്കുന്നു, താങ്കൾ മുഴുവൻ കല്പത്തിലും ഈയൊരു തവണ അവതരണത്തിന്റെ മഹത്വം ആഘോഷിക്കുന്നു. അവർ ഓരോ വർഷവും വ്രതം എടുക്കുന്നു, വ്രതം എടുക്കുന്നുമുണ്ട്, മുടങ്ങുന്നുമുണ്ട്. താങ്കൾ ഒരേയൊരു തവണയാണ് വ്രതം സ്വീകരിക്കുന്നത്, താങ്കളെയാണ് കോപ്പി ചെയ്തിരിക്കുന്നത്, എന്നാൽ താങ്കളുടെ മഹത്വവും അവരുടെ ഓർമ്മ ചിഹ്നത്തിന്റെ മഹത്വവും വ്യത്യാസമുണ്ട്. അവരും പവിത്രതയുടെ വ്രതം എടുക്കുന്നു, എന്നാൽ ഓരോ വർഷവും ഒരു ദിവസത്തേക്കായി എടുക്കുന്നു. താങ്കൾ കുട്ടികളും ജന്മം എടുത്ത ഉടൻ ഒരു തവണ പവിത്രതയുടെ വ്രതം സ്വീകരിച്ചില്ലേ. വ്രതം സ്വീകരിച്ചോ അതോ ഇനി എടുക്കണമോ? എടുത്തല്ലോ.. നിങ്ങൾ ഒരു തവണ സ്വീകരിച്ചു കഴിഞ്ഞു. അവർ വർഷാവർഷം എടുക്കുന്നു. എല്ലാവരും വ്രതം എടുത്തില്ലേ. കേവലം ബ്രഹ്മചര്യമല്ല, സമ്പൂർണ്ണ പവിത്രതയുടെ വ്രതം സ്വീകരിച്ചോ? പാണ്ഡവർ പറയൂ സമ്പൂർണ്ണ പവിത്രതയുടെ വ്രതം സ്വീകരിച്ചില്ലേ.. അതോ കേവലം ബ്രഹ്മചര്യം മതി എന്നാണോ? ബ്രഹ്മചര്യം അടിത്തറയാണ്. എന്നാൽ കേവലം ബ്രഹ്മചര്യമല്ല, കൂടെ മറ്റു നാലു വികാരങ്ങളുമുണ്ട്. മറ്റു നാലെണ്ണത്തിന്റെയും വ്രതം എടുത്തിട്ടുണ്ടോ അതോ ഒന്നിന്റേതു മാത്രമാണോ എടുത്തിരിക്കുന്നത്. പരിശോധിക്കൂ. ക്രോധിക്കാനുള്ള അനുമതിയുണ്ടോ? ഇല്ലേ? കുറച്ച്-കുറച്ച് ക്രോധിക്കേണ്ടതായി വരുന്നുണ്ടല്ലോ. പാണ്ഡവർ പറയൂ, ക്രോധിക്കേണ്ടി വരുന്നുണ്ടോ? ഇല്ലയോ? ബാപ്ദാദ കാണുന്നു, ക്രോധത്തെയും അതിന്റെ കൂട്ടുകാരെയും, മഹാഭൂതങ്ങളെയെല്ലാം തന്നെ ത്യാഗം ചെയ്തു. എന്നാൽ എങ്ങനെയാണോ മാതാക്കൾക്ക്, കുടുംബത്തിലിരിക്കുന്നവർക്ക് വലിയ കുട്ടികളോട് അത്രയ്ക്ക് മോഹമുണ്ടാകാത്തത്, എന്നാൽ പേരക്കുട്ടികളോടുണ്ടായിരിക്കും. ചെറുമക്കൾ വളരെ പ്രിയപ്പെട്ടവരായിരിക്കും. അപ്പോൾ ബാപ്ദാദ കണ്ടു കുട്ടികൾക്കും ഈ പഞ്ചവികാരങ്ങളാകുന്ന മഹാഭൂതങ്ങളോടുള്ള സ്നേഹം കുറഞ്ഞിരിക്കുന്നു, എന്നാൽ വികാരങ്ങളുടെ കുട്ടികളോടും പേരമക്കളോടും ചെറിയ അംശ രൂപത്തിലും വംശ രൂപത്തിലും ഇപ്പോഴും കുറച്ച് സ്നേഹമുണ്ട്. അതിനോട് പ്രിയമുണ്ടോ? ഇടയ്ക്കിടെ അത് പ്രിയപ്പെട്ടതാകുന്നുണ്ടോ? മാതാക്കൾ പറയൂ? ഡബിൾ വിദേശികൾ ക്രോധം വരുന്നില്ലേ? പല കുട്ടികളും വളരെ ചതുരതയോടെ കാര്യങ്ങൾ പറയുന്നു, എന്താണെന്ന് കേൾപ്പിക്കട്ടെ? കേൾപ്പിക്കട്ടെ? കേൾപ്പിച്ചാൽ ഇന്ന് തന്നെ ഉപേക്ഷിക്കേണ്ടതായി വരും. തയ്യാറാണോ? ഉപേക്ഷിക്കാൻ തയ്യാറാണോ? അതോ കേവലം ഫയലിൽ പേപ്പറുകൾ ശേഖരിക്കുമോ? ഓരോ വർഷവും ചെയ്യുന്ന പോലെ.. പ്രതിജ്ഞയുടെ ഫയലുകൾ ബാബയുടെ പക്കൽ വളരെയധികം വലുതായിരിക്കുന്നു. ഇനി വീണ്ടും പ്രതിജ്ഞയുടെ പേപ്പർ ഫയലിൽ കൂട്ടിച്ചേർക്കില്ലല്ലോ. ഇങ്ങനെ ചെയ്യില്ലല്ലോ. ഫൈനൽ ചെയ്യുമോ ഫയലിൽ ചേർക്കുമോ? എന്തു ചെയ്യും? ടീച്ചേഴ്സ് പറയൂ എന്തു ചെയ്യുമെന്ന്? ഫൈനലാണോ? കൈ ഉയർത്തൂ. വെറുതെ പ്രതിജ്ഞ ചെയ്യരുത്. ഡബിൾ വിദേശികൾ ഫൈനൽ ചെയ്യുമോ? ഫൈനൽ ചെയ്യുന്നവർ കൈ ഉയർത്തൂ. ടി.വി യിൽ കാണിക്കൂ. ത്രേതായുഗത്തിലുള്ള ചെറിയ കൈകളല്ല, വലിയ കൈകൾ ഉയർത്തൂ. നല്ലത്.

ബാബയും കുട്ടികളും തമ്മിലുള്ള സംഭാഷണം എന്താണ്? ബാപ്ദാദ പുഞ്ചിരിച്ചു കൊണ്ടിരിക്കുന്നു. എന്തിനാണ് ക്രോധിച്ചതെന്ന് ബാബ ചോദിക്കുന്നു? കുട്ടികൾ പറയുന്നത്, ഞാനല്ല ചെയ്തത്, എന്നെക്കൊണ്ട് ചെയ്യിച്ചതാണ്. ചെയ്തതല്ല, എന്നെക്കൊണ്ട് ചെയ്യിച്ചതാണ്. അപ്പോൾ ബാബ എന്ത് പറയാനാണ്. പിന്നീട് പറയുന്നതിതാണ്, അങ്ങുണ്ടെങ്കിലും ഇതു തന്നെയാണ് ചെയ്യുക. മധുരമധുരമായ സംഭാഷണം നടത്തുന്നു. പിന്നീട് പറയുന്നു, നിരാകാരനിൽ നിന്നും സാകാര ശരീരം എടുത്തു നോക്കൂ. ഇപ്പോൾ പറയൂ, ഇങ്ങനെയുള്ള മധുരമായ കുട്ടികളോട് ബാബ എന്ത് പറയാനാണ്. ബാബയ്ക്ക് ദയാ മനസ്കനായി മാറേണ്ടി വരുന്നു. ബാബ പറയുന്നു, ശരി, ഇപ്പോൾ മാപ്പാക്കുന്നു, പിന്നീട് ചെയ്യരുത്. എന്നാൽ കുട്ടികൾ വളരെ നല്ല-നല്ല മറുപടിയാണ് നൽകുന്നത്.

അപ്പോൾ പവിത്രത താങ്കൾ ബ്രാഹ്മണരുടെ വളരെ വലുതിലും വലിയ അലങ്കാരമാണ്. അതിനാൽ താങ്കളുടെ

ചിത്രത്തെ എത്രയാണ് അലങ്കരിക്കുന്നത്. ഇത് പവിത്രതയുടെ ഓർമ്മ ചിഹ്നത്തിന്റെ അലങ്കാരമാണ്. പവിത്രത അർത്ഥം സമ്പൂർണ്ണ പവിത്രത, സാധാരണ പവിത്രതയല്ല. സമ്പൂർണ്ണ പവിത്രത താങ്കളുടെ ബ്രാഹ്മണജന്മത്തിന്റെ ഏറ്റവും വലിയ സമ്പത്താണ്. രാജകീയതയാണ്, വ്യക്തിത്വമാണ്. അതിനാലാണ് ഭക്തരും ഒരു നാളത്തെ വ്രതം വെക്കുന്നത്. ഇത് താങ്കളെ കോപ്പി ചെയ്തിരിക്കുകയാണ്. രണ്ടാമത്തെ വ്രതമാണ് – ഭക്ഷണപാനീയത്തിന്റേത്. ഭക്ഷണപാനീയങ്ങളുടെ വ്രതവും അത്യാവശ്യമാണ്, എന്തുകൊണ്ട്? താങ്കൾ ബ്രാഹ്മണാത്മാക്കളും ഭക്ഷണപാനീയങ്ങളുടെ പക്കാ വ്രതം എടുത്തിട്ടുണ്ട്. മധുബനിലേക്ക് വരാനുള്ള ഫോം എല്ലാവരെക്കൊണ്ടും പൂരിപ്പിക്കുന്ന സമയത്ത്, ഈയൊരു കാര്യവും പൂരിപ്പിക്കാറില്ലേ, അന്നശുദ്ധിയുണ്ടോ? പൂരിപ്പിക്കാറില്ലേ? അപ്പോൾ ഭക്ഷണ പാനീയങ്ങളുടെ വ്രതം പക്കാ ആണോ? പക്കാ ആണോ അതോ ഇടയ്ക്കിടെ കച്ചാ ആണോ? ഡബിൾ വിദേശികൾക്ക് ഡബിൾ പക്കാ ആകുമല്ലോ? ഡബിൾ വിദേശികളുടെത് ഡബിൾ പക്കാ ആണോ അതോ ഇടയ്ക്ക് ക്ഷീണിച്ചു പോകുന്നുണ്ടോ, ശരി, ഇന്ന് കുറച്ച് വേറെ കഴിക്കാമെന്ന് വിചാരിക്കുന്നുണ്ടോ? കുറച്ചെങ്കിലും ലൂസാകുന്നുണ്ടോ? നിങ്ങളുടെ ഭക്ഷണപാനീയം പക്കാ ആയതിനാലാണ് ഭക്തരും പക്കാ വ്രതം എടുക്കുന്നത്. മൂന്നാമത്തെ വ്രതമാണ് ജാഗരണത്തിന്റേത് – രാത്രി ഉണർന്നിരിക്കുന്നുണ്ടല്ലോ.. അപ്പോൾ താങ്കൾ ബ്രാഹ്മണരും അജ്ഞാന നിദ്രയിൽ നിന്നും ഉണരാനുള്ള വ്രതം എടുക്കുന്നുണ്ടല്ലോ. ഇടയ്ക്കിടെ അജ്ഞതയാകുന്ന നിദ്രയിലേക്ക് പോകുന്നില്ലല്ലോ. ഭക്തർ താങ്കളെ കോപ്പി ചെയ്യുന്നുണ്ട്. താങ്കൾ പക്കാ ആയതിനാലാണ് താങ്കളെ കോപ്പി ചെയ്യുന്നത്. ഇടയ്ക്കിടെ അജ്ഞാനം അർത്ഥം ദുർബലതയുടെത്, അലസതയുടെത്, ആലസ്യത്തിന്റെ നിദ്രയിലേക്ക് വരുന്നില്ലല്ലോ. അതോ ഇടയ്ക്കിടെ ഉറക്കം തൂങ്ങിയാലും കുഴപ്പമില്ലെന്നാണോ? ഇതുപോലെ അമൃതവേളയിലും പലരും ഉറക്കം തൂങ്ങാറുണ്ട്. എന്നാൽ ഇങ്ങനെ ചിന്തിക്കൂ, നമ്മുടെ ഓർമ്മചിഹ്നത്തിൽ ഭക്തരും എന്തെല്ലാമാണ് കോപ്പി ചെയ്യുന്നതെന്ന്. ഭക്തർ ഇത്രയ്ക്കും പക്കാ ആണ് എന്തു തന്നെ സംഭവിച്ചാലും തന്റെ വ്രതം ഉപേക്ഷിക്കില്ല. ഇന്നത്തെ ദിവസം ഭക്തർ ഭക്ഷണ പാനീയത്തിന്റെ വ്രതം വെക്കുന്നു, എന്നാൽ താങ്കൾ എന്തു ചെയ്യും? പിക്ക്നിക്ക് ചെയ്യുമോ? അവർ വ്രതമെടുക്കുന്നു, താങ്കൾ പിക്ക്നിക്ക് ചെയ്യുന്നു, കേക്ക് മുറിക്കുന്നു. പിക്ക്നിക്ക് ചെയ്യുന്നു, എന്തുകൊണ്ടെന്നാൽ താങ്കൾ ജന്മം മുതൽക്കു തന്നെ വ്രതം സ്വീകരിച്ചിരിക്കുകയാണ്, അതിനാൽ ഇന്നത്തെ ദിവസം പിക്നിക്ക് നടത്താം.

ബാപ്ദാദ ഇപ്പോൾ കുട്ടികളിൽ നിന്നും എന്താണ് ആഗ്രഹിക്കുന്നത്? അറിയാമോ? വളരെ നല്ല നല്ല സങ്കല്പങ്ങൾ വെക്കുന്നു, കേൾക്കുമ്പോൾ സന്തോഷമാകുന്ന വിധത്തിലുള്ള സങ്കല്പങ്ങളാണ് വെക്കുന്നത്. സങ്കല്പം വെക്കുന്നു, അതിനു ശേഷം എന്താണുണ്ടാകുന്നത്? എന്തുകൊണ്ടാണ് സങ്കല്പങ്ങൾ ദുർബലമാകുന്നത്? എല്ലാവരും ചെയ്യാൻ ആഗ്രഹിക്കുന്നുണ്ട്, എന്തുകൊണ്ടാൽ ബാപ്ദാദയോട് വളരെയധികം സ്നേഹമുണ്ട്. ബാബയ്ക്കുമറിയാം ബാപ്ദാദയോട് എല്ലാ കുട്ടികൾക്കും ഹൃദയത്തിൽ നിന്നുമുള്ള സ്നേഹമുണ്ടെന്നുള്ളത്. സ്നേഹത്തിന്റെ കാര്യത്തിൽ എല്ലാവരും കൈകൾ ഉയർത്തുന്നു. 100 ശതമാനമല്ല, 100 ശതമാനത്തേക്കാളും കൂടുതൽ സ്നേഹമുണ്ട്. ബാബയും ഈ കാര്യം അംഗീകരിക്കുന്നു., സ്നേഹത്തിൽ എല്ലാവരും പാസ്സാണെന്ന്. പക്ഷേ എന്താണ്? പക്ഷേ വരുന്നുണ്ടോ ഇല്ലയോ? പാണ്ഡവർ പറയൂ, ഇടയ്ക്കിടെ പക്ഷേ വരുന്നുണ്ടോ? ഇല്ല എന്ന് പറയുന്നില്ല, അതിനർത്ഥം ഉണ്ടെന്നുള്ളതാണ്. ബാപ്ദാദ ഭൂരിപക്ഷം കുട്ടികളുടെയും ഒരു കാര്യം നോട്ട് ചെയ്തു. പ്രതിജ്ഞ ദുർബലമാകാൻ ഒരു കാരണമാണുള്ളത്. ഒരേയൊരു വാക്കാണുള്ളത്. ചിന്തിക്കൂ, ആ ഒരു വാക്കെന്താണ്? ടീച്ചേഴ്സ് പറയൂ, എന്താണ് ആ വാക്ക്? പാണ്ഡവർ പറയൂ, എന്താണ് ആ വാക്കെന്ന്? ഓർമ്മ വന്നില്ലേ? ആ ഒരു വാക്കാണ് – ഞാൻ. ഞാൻ എന്ന ഭാവം അഭിമാനത്തിന്റെ രൂപത്തിലും വരുന്നു, ദുർബലമാക്കുന്നതിലും ഞാൻ എന്ന ഭാവം വരുന്നു. ഞാൻ എന്താണോ പറഞ്ഞത്, ഞാൻ എന്താണോ ചെയ്തത്, ഞാൻ എന്താണോ മനസ്സിലാക്കിയത് അതാണ് ശരി. അതു തന്നെ സംഭവിക്കണം. ഇതാണ് അഭിമാനത്തിന്റെ ഞാൻ എന്ന ഭാവം. ഞാൻ ആഗ്രഹിച്ച പോലെ പൂർത്തിയായില്ലെങ്കിൽ ഹൃദയനൈരാശ്യം സംഭവിക്കുന്നു. എനിക്ക് ചെയ്യാൻ സാധിക്കില്ല, എനിക്ക് മുന്നോട്ട് പോകാൻ സാധിക്കില്ല, വളരെ ബുദ്ധിമുട്ടാണ്. ഈ ദേഹബോധത്തിന്റെ ഞാൻ എന്ന ഭാവം പരിവർത്തനപ്പെടണം, ഞാൻ എന്നുള്ളത് സ്വമാനത്തെയും ഓർമ്മിപ്പിക്കുന്നു, ദേഹാഭിമാനത്തെയും ഓർമ്മിപ്പിക്കുന്നു. ഞാൻ എന്നുള്ളത് നിരാശപ്പെടുത്തുകയും ചെയ്യുന്നു, സന്തോഷിപ്പിക്കുകയും ചെയ്യുന്നു. അഭിമാനത്തിന്റെ അടയാളം എന്താണെന്ന് അറിയാമോ? എപ്പോഴെങ്കിലും ആരിലെങ്കിലും ദേഹബോധത്തിന്റെ അഭിമാനം അല്പമെങ്കിലും ഉണ്ടെങ്കിൽ അതിന്റെ അടയാളം എന്താണ്? അവർക്ക് തന്നെ അപമാനിക്കുന്നത് സഹിക്കാൻ സാധിക്കില്ല. അഭിമാനമുള്ളവർ അപമാനം സഹിക്കില്ല. ലേശമെങ്കിലും ആരെങ്കിലും നിങ്ങളോട് ഇത് ശരിയല്ലെന്ന് പറയുകയാണെങ്കിൽ, കുറച്ച് വിനയം കൊണ്ടു വരൂ എന്ന് പറഞ്ഞാൽ അവർക്ക് അപമാനം അനുഭവപ്പെടുന്നു. ഇതാണ് അഭിമാനത്തിന്റെ അടയാളം.

ബാപ്ദാദ വതനത്തിൽ പുഞ്ചിരിച്ചിരിക്കുകയായിരുന്നു – ഈ കുട്ടികൾ ശിവരാത്രിയിൽ പല സ്ഥലങ്ങളിൽ പ്രഭാഷണം നടത്താറുണ്ടല്ലോ, ഇപ്പോൾ ധാരാളം പ്രഭാഷണങ്ങൾ ചെയ്യുന്നുണ്ട്. ബാപ്ദാദയ്ക്ക് കുട്ടികളുടെ

പോയിന്റ്സ് ഓർമ്മ വരുന്നു. അതിൽ പറയുന്നുണ്ടല്ലോ, ശിവരാത്രിയിൽ ആടിനെ ബലി നൽകാറുണ്ട്. ഈ ആടുകൾ മേ-മേ(ഞാൻ-ഞാൻ) എന്നാണല്ലോ കരയുന്നത്. അപ്പോൾ ശിവരാത്രിയിൽ ഈ ഞാൻ എന്നതിനെ ബലിയർപ്പിക്കൂ. അപ്പോൾ ബാബ ഇത് കേട്ട്-കേട്ട് പുഞ്ചിരിക്കുകയായിരുന്നു. ഈ ഞാൻ എന്നുള്ളതിനെ താങ്കളും ബലിയർപ്പിക്കൂ. സമർപ്പിക്കാൻ സാധിക്കുമോ? ചെയ്യാൻ സാധിക്കുമോ? പാണ്ഡവർക്ക് സാധിക്കുമോ? ഡബിൾ വിദേശികൾക്ക് സാധിക്കുമോ? മുഴുവൻ സമർപ്പണമോ, അതോ വെറും സമർപ്പണമോ? മുഴുവനും സമർപ്പണം. ഇന്ന് ബാപ്ദാദ കൊടി ഉയർത്തുമ്പോൾ വെറുതെ പ്രതിജ്ഞ എടുക്കരുത്. ഇന്ന് പ്രതിജ്ഞ ചെയ്ത് പിന്നീട് വീണ്ടും ഫയലിൽ പേപ്പറുകൾ ശേഖരിക്കപ്പെടുന്ന തരത്തിലുള്ള പ്രതിജ്ഞകൾ ചെയ്യരുത്. എന്താണ് ചിന്തിക്കുന്നത്? ദാദിമാർ ഇന്നും ഇങ്ങനെയുള്ള പ്രതിജ്ഞകൾ എടുപ്പിക്കുമോ? ഫൈനൽ ആക്കുമോ അതോ ഫയലിൽ കൂട്ടിവെക്കുമോ? പറയൂ? (ഫൈനൽ ചെയ്യിക്കാം) ധൈര്യമുണ്ടോ? ധൈര്യമുണ്ടോ? കേൾക്കുന്നതിൽ മുഴുകിയോ കൈകൾ ഉയർത്തുന്നില്ലല്ലോ? നാളെയ്ക്ക് ഒന്നും തന്നെ സംഭവിക്കില്ല. എന്നാൽ നാളെ മായ ചുറ്റിക്കറങ്ങാനായി വരും. മായക്കും താങ്കളോട് സ്നേഹമുണ്ടല്ലോ, എന്തുകൊണ്ടെന്നാൽ ഇന്നത്തെക്കാലത്ത് എല്ലാവരും സേവനത്തിന്റെ പദ്ധതികൾ വളരെ നല്ല രീതിയിൽ നടത്തുന്നുണ്ട്. സേവനം അതിഗംഭീരമായി തന്നെ നടക്കണം, അതായത് സമ്പൂർണ്ണ സമാപ്തിയുടെ സമയത്തെ സമീപത്തേക്ക് കൊണ്ടു വരണം. അല്ലാതെ ഇങ്ങനെ ഒരിക്കലും ചിന്തിക്കരുത്, ഞാൻ പ്രഭാഷണം ചെയ്തു വന്നു എന്ന്, എന്നാൽ സമയത്തെ സമീപത്തേക്ക് കൊണ്ടു വരികയാണ്. സേവനം വളരെ നല്ല രീതിയിൽ ചെയ്യുന്നുണ്ട്, അതിൽ ബാപ്ദാദ സന്തുഷ്ടമാണ്. എന്നാൽ ബാപ്ദാദ കാണുന്നു, സമയം സമീപത്തേക്ക് വരികയാണ്, താങ്കളാണ് കൊണ്ടു വരുന്നത്. വെറുതെ ഒരു ലക്ഷം, ഒന്നരലക്ഷം പേരെ ഒരുമിപ്പിച്ചതല്ല, ഇത് സമയത്തെ സമീപത്തേക്ക് കൊണ്ടു വന്നതാണ്. ഇപ്പോൾ ഗുജറാത്ത് ചെയ്തു, ഇനി ബോംബേയിലുള്ളവർ ചെയ്യും മറ്റു പലരും ചെയ്യുന്നുണ്ട്. ശരി ഒരു ലക്ഷമില്ലെങ്കിലും, 50,000 പേർക്കെങ്കിലും സന്ദേശം നൽകുകയാണെങ്കിൽ, സന്ദേശത്തോടൊപ്പം സമ്പന്നതയുടെയും തയ്യാറെടുപ്പുണ്ടോ? തയ്യാറെടുപ്പുണ്ടോ? വിനാശത്തെ വിളിക്കുന്നു എങ്കിൽ തയ്യാറെടുപ്പും വേണ്ടേ? ദാദി ചോദിച്ചിരുന്നു, എത്രയും പെട്ടെന്ന് പ്രത്യക്ഷമാകുന്ന വിധത്തിൽ എന്തെങ്കിലും പദ്ധതി സ്വരൂപിക്കാമോ? അപ്പോൾ ബാപ്ദാദ പറയുന്നു, പ്രത്യക്ഷത സെക്കന്റിന്റെ കാര്യമാണ്. എന്നാൽ പ്രത്യക്ഷതയ്ക്കു മുമ്പായി ബാപ്ദാദ ചോദിക്കുന്നു, സ്ഥാപനയിലുള്ളവർ എവർറെഡിയാണോ? കർട്ടൻ തുറക്കട്ടെ? അതോ തുറക്കുന്ന സമയത്ത് ചിലർ കാത് അലങ്കരിച്ചുകൊണ്ടിരിക്കുന്നു, ചിലർ മസ്തകം.. അതോ തയ്യാറാണോ? ആയിക്കോളും എന്നാണെങ്കിൽ എപ്പോൾ? തിയ്യതി പറയൂ? ഇപ്പോൾ തിയ്യതി തീരുമാനിച്ചതുപോലെ. ഈ മാസത്തിനുള്ളിൽ സന്ദേശം നൽകണം. അത്രയും എവർറെഡിയായിരിക്കണം. കുറഞ്ഞത് 16,000 പോരെങ്കിലും എവർറെഡിയായിരിക്കണം. 9 ലക്ഷം എന്നുള്ളത് വിടൂ. എന്നാൽ 16,000 പെരെങ്കിലും തയ്യാറായോ? തയ്യാറാണോ? കൈയ്യടിക്കട്ടെ? വെറുതെ ശരി എന്ന് പറയരുത്. എവർറെഡിയാവുകയാണെങ്കിൽ ബാപ്ദാദ ടച്ചിംഗ് നൽകും. കൈയ്യടിയുണ്ടാകും, പ്രകൃതി തന്റെ ജോലി ആരംഭിക്കും. സയൻസിലുള്ളവരും തന്റെ കാര്യം ആരംഭിക്കുന്നു. ഇനി എന്തിനാണ് വൈകിക്കുന്നത്, എല്ലാവരും റെഡിയല്ലേ? 16000 തയ്യാറാണോ? തയ്യാറാവുമോ? (അങ്ങേയ്ക്ക് അറിയാമല്ലോ). 16000 പേർ എവർറെഡിയും സമ്പൂർണ്ണ പവിത്രതയാലും സമ്പന്നമായി എന്ന് റിപ്പോർട്ട് വരണം. ബാപ്ദാദയ്ക്ക് കൈയ്യടിക്കുന്നതിൽ ഒട്ടും താമസമില്ല. തിയ്യതി നിശ്ചയിക്കൂ. (അങ്ങ് തിയ്യതി നൽകൂ) എല്ലാവരോടും ചോദിക്കൂ. നോക്കൂ, എന്തായാലും സംഭവിക്കണം. എന്നാൽ കേൾപ്പിച്ചല്ലോ, ഞാൻ എന്ന ഒരു വാക്കിന്റെ മ്പൂർണ്ണ പരിവർത്തനം. അപ്പോൾ ബാബയോടൊപ്പം പോകാൻ സാധിക്കും. ഇല്ലെങ്കിൽ പിറകിൽ പോകേണ്ടതായി വരും. ബാപ്ദാദ അതിനാൽ ഇപ്പോൾ ഗേറ്റ് തുറക്കുന്നില്ല. ഒപ്പം പോകണം.
ബ്രഹ്മാ ബാബാ എല്ലാ കുട്ടികളോടും ചോദിക്കുന്നു, ഗേറ്റ് തുറക്കാനുള്ള തിയ്യതി നൽകൂ. ഗേറ്റ് തുറക്കണ്ടേ.. കൂടെ പോകണമല്ലോ. ഇന്ന് ആഘോഷിക്കുക അർത്ഥം ആയിത്തീരുകയാണ്. കേവലം കേക്ക് മുറിക്കലല്ല. എന്റേത് എന്നത് സമാപ്തമാകണം. ചിന്തിച്ചുകൊണ്ടിരിക്കുകയാണോ അതോ ചിന്തിച്ചു കഴിഞ്ഞോ? എന്തുകൊണ്ടെന്നാൽ ബാപ്ദാദയുടെ പക്കൽ അമൃതവേളയ്ക്ക് എല്ലാവരുടെയും വളരെ വിവിധ സങ്കല്പങ്ങൾ എത്തുന്നുണ്ട്. അപ്പോൾ പരസ്പരം അഭിപ്രായപ്പെട്ട് ബാപ്ദാദയ്ക്ക് തിയ്യതി നൽകൂ. ഏതുവരെ തിയ്യതി നിശ്ചയിക്കുന്നില്ലയോ അതുവരെയും മറ്റൊരു കാര്യവും നടക്കില്ല. ആദ്യം മഹാരഥികൾ പരസ്പരം തിയ്യതി നിശ്ചയിക്കണം, എന്നാൽ മറ്റുള്ളവർ ഫോളോ ചെയ്യും. അനുകരിക്കേണ്ടവർ തയ്യാറാണ്, താങ്കളുടെ ധൈര്യം അവർക്ക് ബലം നൽകിക്കോളും. ഇപ്പോൾ ഉണർവ്വും ഉത്സാഹവും നൽകി എങ്കിൽ തയ്യാറായല്ലോ. ഇങ്ങനെ സമ്പന്നമാകുന്നതിന്റെ പ്ലാനുകൾ ഉണ്ടാക്കൂ. കർമ്മാതീതമാകുക തന്നെ വേണമെന്ന് ധ്വനി മുഴക്കണം. എന്തു തന്നെ സംഭവിച്ചാലും ആയിത്തീരുക തന്നെ വേണം. ചെയ്യുക തന്നെ വേണം. സംഭവിക്കുക തന്നെ വേണം. ശാസ്ത്രജ്ഞന്മാരുടെ ശബ്ദം, വിനാശത്തിനു നിമിത്തമാകുന്നവരുടെ ശബ്ദമെല്ലാം ബാബയുടെ കാതുകളിൽ മുഴങ്ങുന്നു. അവരും പറയുന്നതിതാണ് എന്തിന് തടയുന്നു, എന്തിന് തടയുന്നു... എഡ്വാൻസ് പാർട്ടിയിലുള്ളവരും പറയുന്നു, തിയ്യതി നിശ്ചയിക്കൂ, തിയ്യതി നിശ്ചയിക്കൂ...

ബ്രഹ്മാബാബയും പറയുന്നു തിയ്യതി നിശ്ചയിക്കണം. അപ്പോൾ ഇതിനായുള്ള മീറ്റിംഗ് നടത്തൂ. ബാപ്ദാദക്ക് ഇനിയും ഇത്രയ്ക്ക് ദുഖം കാണാൻ സാധിക്കില്ല. ആദ്യം താങ്കൾ ശക്തികൾക്ക്, ദേവതാ രൂപത്തിൽ പാണ്ഡവർക്ക് ദയ തോന്നണം. എത്ര പേരാണ് നിലവിളിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ഈ ശബ്ദത്തിന്റെ വിളി നിങ്ങളുടെ കാതുകളിൽ മുഴങ്ങണം. സമയത്തിന്റെ വിളിയുടെ പ്രോഗ്രാം ചെയ്യുന്നുണ്ടല്ലോ. ഇപ്പോൾ ഭക്തരുടെ വിളി കേൾക്കണം. ദുഖിതരുടെ വിളി കേൾക്കൂ. സേവനത്തിൽ നല്ല നമ്പറാണ്. ഇതിനായി ബാപ്ദാദയും സർട്ടിഫിക്കറ്റ് നൽകുന്നു. ഉണർവ്വും ഉത്സാഹവും നല്ലപോലെയുണ്ട്. ഗുജറാത്ത് നമ്പർവൺ സ്ഥാനം നേടിയതിന്റെ ആശംസകൾ. ഇപ്പോൾ കുറച്ച്-കുറച്ചെങ്കിലും അവരുടെ വിളി കേൾക്കൂ, പാവങ്ങൾ നിലവിളിച്ചുകൊണ്ടിരിക്കുകയാണ്. ഉള്ളുകൊണ്ട് കരഞ്ഞുകൊണ്ടിരിക്കുന്നു, പിടയുന്നു. ശാസ്ത്രജ്ഞരും വളരെയധികം നിലവിളിക്കുന്നു എപ്പോൾ ചെയ്യും, എപ്പോൾ ചെയ്യും എന്ന് വിളിക്കുന്നു. ഇന്ന് കേക്ക് മുറിച്ചോളൂ കുഴപ്പമില്ല, എന്നാൽ നാളെ മുതൽക്ക് വിളി കേൾക്കണം. സംഗമയുഗത്തിൽ തന്നെയാണ് ആനന്ദിക്കേണ്ടത്, ഒരു വശത്ത് ആഘോഷിക്കണം, മറുവശത്ത് ആത്മാക്കളെ ഉദ്ധരിക്കണം. ശരി. അപ്പോൾ എന്താണ് കേട്ടത്?
താങ്കളുടെ ഗീതമാണ് - ദുഖികളുടെ മേൽ ദയ കാണിക്കൂ പ്രഭോ... എന്നാൽ താങ്കൾക്കല്ലാതെ മറ്റാർക്കും ദയ കാണിക്കാൻ സാധിക്കില്ല. അതിനാൽ ഇപ്പോൾ സമയമനുസരിച്ച് മാസ്റ്റർ ദയാ സാഗരനായിത്തീരൂ. സ്വയത്തിലും ദയ, അന്യാത്മാക്കളിലും ദയ കാണിക്കണം. ഇപ്പോൾ തന്റെ ഇതേ സ്വരൂപം ലൈറ്റ് ഹൗസായി മാറി ഭിന്ന-ഭിന്ന ലൈറ്റുകളുടെ കിരണങ്ങൾ നൽകൂ. മുഴുവൻ വിശ്വത്തിലുമുള്ള അപ്രാപ്തി ആത്മാക്കൾക്കും പ്രാപ്തിയുടെ കിരണങ്ങൾ നൽകൂ. ശരി.
ബാബയ്ക്കു സമാനം സർവ്വ ശ്രേഷ്ഠ സാക്ഷാത്കാരമൂർത്തികളായ ആത്മാക്കൾക്ക്, സദാ ഉണർവ്വിലും ഉത്സാഹത്തിലുമിരിക്കുന്ന ബാബയ്ക്ക് സമീപ ആത്മാക്കൾക്ക്, സദാ ഓരോ ചുവടും ബാബയ്ക്ക് സമാനം വെക്കുന്ന കുട്ടികൾക്ക്, നാനാവശത്തുമുള്ള ബ്രാഹ്മണ ജന്മത്തിന്റെ ആശംസകൾക്ക് പാത്രമായ കുട്ടികൾക്ക്, സദാ ഏകാഗ്രതയുടെ ശക്തി സമ്പന്നരായ ആത്മാക്കൾക്ക്, ബാപ്ദാദയുടെ സ്നേഹസ്മരണയും കോടിമടങ്ങ് ജന്മ ദിനത്തിന്റെ ആശംസകൾ, ആശംസകൾ, ആശംസകൾ നമസ്തെ.

**പ്രിയപ്പെട്ട അവ്യക്ത ബാപ്ദാദ തന്റെ ഹസ്തങ്ങളാൽ ശിവധ്വജം ഉയർത്തി എല്ലാവർക്കും ആശംസയേകി**
ഇന്നത്തെ ദിവസം എല്ലാവരും തന്റെ ജന്മ ദിനത്തിന്റെ ആശംസകൾ നൽകി, നേടി, പതാകയും ഉയർത്തി. ഇനി ഇങ്ങനെയുള്ള നാളുകൾ പെട്ടെന്ന് കൊണ്ട്വരണം, വിശ്വത്തിലെ ഗ്ലോബിനു മുകളിലായി സർവ്വാത്മാക്കളും താങ്കളുടെ മുഖത്തിൽ ബാബയുടെ കൊടി കാണണം. തുണി കൊണ്ട് നിർമ്മിച്ചിട്ടുള്ള കൊടി നിമിത്തം മാത്രമാണ്, എന്നാൽ ഓരോ കുട്ടിയുടെയും മുഖം ബാബയുടെ ചിത്രം കാണിക്കണം. ഇങ്ങനെയുള്ള കൊടി പാറിക്കണം. അങ്ങനെയുള്ള ദിനം എത്രയും പെട്ടെന്ന് കൊണ്ടു വരണം. വരണം, വരണം, ഓംശാന്തി.

## വരദാനം - പരിധിയുള്ള രാജകീയ ഇച്ഛയിൽ നിന്നും മുക്തമായി സേവ ചെയ്യുന്ന നിസ്വാർത്ഥ സേവാധാരിയായി ഭവിയ്ക്കട്ടെ.

എങ്ങനെയാണോ ബ്രഹ്മാബാബ കർമ്മ ബന്ധനത്തിൽ നിന്നും മുക്തവും നിർമ്മോഹിയുമായതിന്റെ തെളിവ് നൽകിയത്. സേവനത്തോടുള്ള സ്നേഹമല്ലാതെ മറ്റൊരു ബന്ധനമില്ല. സേവനത്തിലുണ്ടാവുന്ന പരിധിയുള്ള രാജകീയ ഇച്ഛകൾ പോലും കർമ്മക്കണക്കിന്റെ ബന്ധനത്തിൽ ബന്ധിക്കുന്നു. എന്നാൽ സത്യമായ സേവാധാരി അർത്ഥം ഇങ്ങനെയുള്ള കർമ്മബന്ധനങ്ങളിൽ നിന്നു പോലും മുക്തമാകുന്നു. എങ്ങനെയാണോ ദേഹിക ബന്ധനം, ദേഹത്തിന്റെ സംബന്ധങ്ങളുടെ ബന്ധനം, അതുപോലെ സേവനത്തിലുള്ള സ്വാർത്ഥതയും ബന്ധനമാണ്. ഈ ബന്ധനത്തിൽ നിന്നും രാജകീയമായ കർമ്മക്കണക്കിൽ നിന്നു പോലും മുക്തമായ നിസ്വാർത്ഥ സേവാധാരിയായി മാറൂ.

## സ്ലോഗൻ - പ്രതിജ്ഞകളെ ഫയലിൽ വെക്കരുത്, അത് ഫൈനൽ ചെയ്ത് (പൂർത്തിയാക്കി) കാണിക്കൂ.

**സൂചന -** ഇന്ന് മാസത്തെ മൂന്നാമത്തെ ഞായറാഴ്ച അന്താരാഷ്ട്ര യോഗത്തിന്റെ ദിവസമാണ്, എല്ലാ ബ്രഹ്മാ വത്സരും സംഘടിത രൂപത്തിൽ വൈകുന്നേരം 6:30 മുതൽ 7:30 വരെ വിശേഷിച്ചും മൂലവതനത്തിന്റെ ഗഹനശാന്തിയുടെ അനുഭൂതി ചെയ്യണം. മനസ്സിനെയും ബുദ്ധിയെയും ഏകാഗ്രമാക്കി ജ്വാലാസ്വരൂപത്തിൽ സ്ഥിതി ചെയ്യണം, സമ്പന്നതയുടെയും സമ്പൂർണ്ണതയുടെയും അനുഭൂതി ചെയ്യണം.